ഭാരത് നിർമ്മാൺ പദ്ധതി

116 [675] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഭാരത് നിർമ്മാൺ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും ഈ പദ്ധതി വഴി ഓരോ ജില്ലയിലും എത്ര തുകയുടെ ഗ്രാമവികസന പ്രവർത്തനങ്ങൾ ഏതെല്ലാം മേഖലയിൽ നടപ്പിലാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനാവശ്യമായ പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനും മറ്റും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയുണ്ടായോയെന്നും കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പ്രധാനമന്ത്രിയുടെ റോഡ് പദ്ധതി

117 [676] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ റോഡ് പദ്ധതി പ്രകാരം കേരളത്തിൽ എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിരുന്നു ;

(ബി) അതിയന്നൂർ, പാറശ്ശാല, നേമം എന്നീ വികസന ബ്ലോക്കുകളിൽ ഇപ്രകാരം എത്ര റോഡുകൾ ഏറ്റെടുത്തിരുന്നു ; അവ ഏതെല്ലാം ; അവയുടെ നിർമ്മാണത്തിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ.-യുടെ ഒന്നാം ഘട്ടത്തിൽ 33 റോഡുകൾ ഏറ്റെടുത്തു. 29 റോഡുകളുടെ പണി പൂർത്തിയായി. 4 റോഡുകളുടെ പണി നടന്നു വരുന്നു.

രണ്ടാം ഘട്ടത്തിൽ 184 റോഡുകളുടെ പണി ഏറ്റെടുത്തു. 152 റോഡുകൾ പൂർത്തിയായി. 26 റോഡുകളുടെ പണി പുരോഗമിച്ചുവരുന്നു. 6 റോഡുകൾ ആവശ്യമായ വീതി ലഭിക്കാതിരുന്നതിനാൽ ഉപേക്ഷിച്ചു.

LIBRARY ARCHIVES Kerala Legislative Assembly